റേഷൻകാർഡ് ലഭിക്കാത്ത ആദിവാസി കുടുംബങ്ങൾ

1232 [2206] ശ്രീ. കെ. പങ്കജാക്ഷൻ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെടുമങ്ങാട് താലൂക്കിലെ ഗിരിജൻ കേന്ദ്രങ്ങളിൽ റേഷൻ കാർഡ് ലഭ്യമാകാത്ത ഒട്ടേറെ ആദിവാസി കുടുംബങ്ങൾ ഉണ്ടെന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

ഉണ്ട്. നെടുമങ്ങാട് താലൂക്കിൽ കോട്ടൂർ ഭാഗത്ത് ചില ഗിരിജനങ്ങൾക്ക് റേഷൻ കാർഡ് കിട്ടിയിട്ടില്ലെന്ന് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് നെടുമങ്ങാട് താലൂക്ക് സപ്ലൈ ഓഫീസിൽനിന്നും ബന്ധപ്പെട്ട റേഷനിംഗ് ഇൻസ്പെക്ടർ മുഖാന്തിരം ഡിക്ലറേഷൻ ഫോറം നൽകുകയും അതനുസരിച്ച് ഫോറം പൂരിപ്പിച്ച് മടക്കി സപ്ലൈ ഓഫീസിൽ ഏൽപ്പിച്ച വർക്ക് റേഷൻ കാർഡുകളും നൽകുകയും ചെയ്തിട്ടുണ്ട്. ഡിക്ലറേഷൻ പൂരിപ്പിച്ച് തിരികെ കിട്ടുന്ന മുറയ്ക്ക് കാർഡ് കിട്ടാത്തവർക്ക് കാർഡുകളും നൽകുന്നതാണ്.

ഇടമലയാർ പദ്ധതിയിലെ ടണലിന്റെ ചോർച്ച

1233 [2208] ശ്രീ. സി. വാസുദേവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടമലയാർ പദ്ധതിയിലെ ടണലിന്റെ ചോർച്ചയെക്കുറിച്ച് അന്വേഷിക്കുന്ന കമ്മീഷൻ എന്നത്തേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുവാനാണ് ആവശ്യപ്പെട്ടിട്ടുള്ളത് ;

(ബി) കമ്മീഷനെ സഹായിക്കുന്ന സാങ്കേതിക വിദഗ്ദ്ധർ ആരൊക്കെയാണ്;

(സി) കമ്മീഷൻ ഇടക്കാല റിപ്പോർട്ട് നൽകിയിട്ടുണ്ടോ?

ഉത്തരം

(എ) അന്വേഷണ കമ്മീഷൻ 21-12-1985 മുതൽ ആറുമാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്നാണ് ആവശ്യപ്പെട്ടിരുന്നത്. എന്നാൽ പിന്നീട് ഈ കാലാവധി 21-12-1985 മുതൽ ഒരു വർഷമായി ദീർഘിപ്പിച്ചിട്ടുണ്ട്.

(ബി) ശ്രീ. എസ്. ജി. ബാലകുമാർ (റിട്ടയേർഡ് ചീഫ് എഞ്ചിനീയർ, കർണ്ണാടക)യാണ് കമ്മീഷനെ സഹായിക്കാനായി നിയമിച്ചിട്ടുള്ള സാങ്കേതിക വിദഗ്ദ്ധൻ.

(സി) ഇല്ല

ഗ്രാമീണ വൈദ്യുതീകരണ കോർപ്പറേഷന്റെ സഹായം

1234 [2209] ശ്രീ. കെ. പങ്കജാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ. ഇ. സി. യുടെ സഹായം തിരുവനന്തപുരം ജില്ലയിലെ മലയോര പ്രദേശങ്ങൾക്ക് പ്രയോജനപ്പെടത്തക്കവിധം ലഭ്യമാക്കിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly